# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2253 | 05.12.2018 ൽ മറുപടിയ്ക്ക് |
|---|---|

## വനിതാ ശിശു വികസന വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. വി. രാജേഷ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് പ്രത്യേകമായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് എപ്പോൾ മുതലാണ്; | (എ) 30.06.2017 ലെ സ.ഉ(കൈ) നം. 24/2017/സാ.നീ.വ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിതാ-ശിശുവികസന വകുപ്പ് രൂപീകൃതമായി. പുതുതായി രൂപീകൃതമായ വനിത ശിശു വികസന വകുപ്പിന്റെ ഡയറക്ടർ തസ്തികയിൽ 22.11.2017 ലെ സ.ഉ.(സാധ ാ)നം.7426/2017/പൊ.ഭ.വ ഉത്തരവ് പ്രകാരം നിയമനം നടത്തുകയും, ചുമതല 24.11.2017 ൽ ഏറ്റെടുക്കുകയും അന്നുമുതൽ പുതിയ വകുപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത വകുപ്പിന്റെ കീഴിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; | (ബി) വനിതാ ശിശു വികസന വകുപ്പിനു കീഴിൽ 24 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) സാമൂഹ്യനീതി വകുപ്പിൽ ഉണ്ടായിരുന്ന ഏതെല്ലാം ഓഫീസുകളാണ് പുതുതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ളത്. | (സി) വനിതാ ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ള ആഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | കൈമാറിയിട്ടുള്ള ഓഫീസുകൾ | എണ്ണം |
|---|---|---|
| 1. | സംയോജിത ശിശുവികസന പദ്ധതി ആഫീസ് | 258 |
| 2. | സംയോജിത ശിശു സംരക്ഷണ പദ്ധതി ആഫീസ് | 1 |
| 3. | വുമൺ പ്രൊട്ടക്ഷൻ ആഫീസ് | 14 |

| | |
|---|---|
| | 4. ജില്ലാ ശിശു സംരക്ഷണ പദ്ധതി യൂണിറ്റ് ആഫീസ് — 14<br>5. ജില്ലാതല ഐ.സി.ഡി.എസ് സെൽ — 14<br>6. നിർഭയ സെൽ — 1 |
| (ഡി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഏതെല്ലാം പദ്ധതികളാണ് പുതുതായി രൂപീകരിച്ച വകുപ്പിലേക്ക് കൈമാറിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. സമഗ്ര ശിശു സംരക്ഷണ പദ്ധതി (സി.എസ്.എസ്).<br>2. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മാന:ശാസ്ത്ര സേവനം<br>3. അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യകേന്ദ്രങ്ങളായി വികസിപ്പിക്കൽ - ഒരു ജീവിത ചക്ര സമീപനം.<br>4. അട്ടപ്പാടിയിലെ നവജാതശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി.<br>5. ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (60% കേന്ദ്രാവിഷ്കൃതം)<br>6. കിഷോരി ശക്തി യോജന - (60% കേന്ദ്രാവിഷ്കൃതം)<br>7. ICDS പരിശീലന പരിപാടി - (60% കേന്ദ്രാവിഷ്കൃതം)<br>8. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളും മൊബൈൽ ക്രഷുകളും.<br>9. പ്രീ-പ്രൈമറി സ്കൂളുകളിലെ അങ്കണവാടി വർക്കേഴ്സിനുള്ള സംയോജിത ഗ്രാമ സാങ്കേതിക കേന്ദ്രത്തിന്റെ പരിശീലന പരിപാടി.<br>10. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി (50% കേന്ദ്രാവിഷ്കൃതം).<br>11. നാഷണൽ ക്രഷ് സ്കീം (60% കേന്ദ്രാവിഷ്കൃതം)<br>12. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി (50% കേന്ദ്രാവിഷ്കൃതം)<br>13. ജെൻഡർ പാർക്ക് |

| | |
|---|---|
| | 14. ജാതക് ജനനി (ജി.ഐ.എസ്സിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്കിലെ അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം.)<br>15. നിർഭയ അന്തേവാസികൾക്കായുള്ള എസ്.ഒ.എസ് മാതൃക ഭവനം.<br>16. സ്വാധാർഗൃഹ് പദ്ധതി.<br>17. ഉജ്ജ്വല<br>18. പ്രധാനമന്ത്രി മാതൃവന്ദന യോജന (60% കേന്ദ്രാവിഷ്കൃതം)<br>19. ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷ പദ്ധതി.<br>20. സ്നേഹസ്പർശം, താലോലം, സ്നേഹപൂർവ്വം, പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി.<br>21. മാതൃക അങ്കണവാടികളുടെ നിർമ്മാണം.<br>22. MGNREGA – അങ്കണവാടി കെട്ടിട നിർമ്മാണം.<br>23. നിർഭയ ഹോമുകളുടെ നിർമ്മാണം. |

സെക്ഷൻ ഓഫീസർ